പോലീസ് വകുപ്പ്

കേരളം

**No. E3-78326/2022/P**
ജില്ലാ പോലീസ് ഓഫീസ്,
പാലക്കാട്
spplkd.pol@kerala.gov.in
04912536700
തീയതി. 03-09-2025

**പുനർലേല പരസ്യം**

പുതുനഗരം ക്വാട്ടേഴ്സ് വളപ്പിൽ അപകടകരമായ വിധത്തിൽ നിൽക്കുന്ന താഴെ പറയുന്ന മരങ്ങൾ മുറിച്ചു മാറ്റി പരസ്യമായി ലേലം ചെയ്യുന്നതിനായി പുതുനഗരം പോലീസ് സ്റ്റേഷനിൽ വെച്ച് 12.09.2025 തിയ്യതി കാലത്ത് 11.00 മണിക്ക് നിശ്ചയിച്ചിരിക്കുന്നു.

| ക്രമ നമ്പർ | ഇനം | എണ്ണം |
|---|---|---|
| 1 | മാവ് | 3 |
| 2 | പൂവാക | 2 |
| 3 | മഞ്ഞപ്പാവട്ട | 1 |
| 4 | ബദാം | 2 |
| 5 | വേപ്പ് | 2 |

**ലേല നിബന്ധനകൾ:-**

ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേലം ആരംഭിക്കുന്നതിനു മുൻപ് ലേല സ്ഥലത്ത് നേരിട്ട് ഹാജരാകേണ്ടതും നിരതദ്രവ്യമായി 1,300/-രൂപ (ആയിരത്തി മുന്നൂറ് രൂപ) അടക്കേണ്ടതുമാണ്. ഏറ്റവും കൂടുതൽ ലേലത്തുക വിളിക്കുന്ന ആൾക്ക് ലേലം താൽക്കാലികമായി ഉറപ്പിക്കുന്നതും ലേല തുകയുടെ പകുതി അപ്പോൾ തന്നെ അടക്കേണ്ടതുമാണ്. ലേലം ബഹുമാനപെട്ട ജില്ലാ പോലീസ് മേധാവി ശെരി വെച്ചശേഷം ബാക്കി തുകയും ലേല തുകയുടെ 18% GST യും ലേല തുകയുടെ 5% വന വികസന നികുതിയും അടക്കേണ്ടതാണ്.

മരം മുറിച്ചു നീക്കം ചെയ്യുമ്പോൾ ആളുകൾക്കും ഗവൺമെന്റ് വകയോ അല്ലാത്തതോ ആയ സ്ഥാവര ജംഗമ വസ്തുകൾക്കോ അപകടമോ കേട്ടുപാടുകളോ സംഭവിക്കാൻ പാടില്ലാത്തതും അങ്ങനെ സംഭവിച്ചാൽ ആയതിന്റെ ഉത്തരവാദിത്തം ലേലം കൊണ്ട ആളിൽ നിക്ഷിപ്തമായിരിക്കുന്നതാണ്. ലേലം സ്ഥിരപ്പെടുത്തി ഉത്തരവായ ശേഷം 7 ദിവസത്തിനകം മരം മുറിച്ച് നീക്കം ചെയ്യേണ്ടതുമാണ്. ലേലം ഉറപ്പിച്ച ശേഷം ലേലക്കാരനുണ്ടാകുന്ന കഷ്ട നഷ്ടങ്ങൾക്ക് ഡിപ്പാർട്ട്മെന്റ് ഉത്തരവാദി ആയിരിക്കുന്നതല്ല. ലേലം സ്ഥിരപ്പെടുത്തി കിട്ടുന്നയാൾ ഏതെങ്കിലും കാരണവശാൽ പറഞ്ഞ നിബന്ധനകൾ ലംഘിക്കുകയാണെങ്കിൽ ടിയാൻ അടച്ച തുക സർക്കാരിലേക്ക് മുതൽ കൂട്ടുന്നതും പുനർ ലേലത്തിൽ സർക്കാരിനുണ്ടാകുന്ന നഷ്ടം മുൻ ലേലക്കാരനിൽ നിന്നും ഈടാക്കുന്നതാണ്. യാതൊരു കാരണവും കാണിക്കാതെ ലേലം മാറ്റി വെയ്ക്കുന്നതിനും, നിർത്തി വെയ്ക്കുന്നതിനുമുള്ള അധികാരം ജില്ലാ പോലീസ് മേധാവിയിൽ നിക്ഷിപ്തമാണ്. ലേല വസ്തു ലേല തിയ്യതിക്ക് 5 ദിവസം മുൻപുള്ള പ്രവർത്തി ദിവസങ്ങളിൽ 11 മണി മുതൽ 5 മണി വരെയുള്ള സമയത്ത് പുതുനഗരം ഇൻസ്പെക്ടറുടെ അനുമതിയോടു കൂടി പരിശോധിക്കാവുന്നതാണ്.

Ajit Kumar

അജിത് കുമാർ ഐ. പി. എസ്.
ജില്ലാ പോലീസ് മേധാവി

E3-78326/2022/P

727d1b

സ്വീകർത്താവ് : ബോർഡ് ചെയർമാന്റെയും എല്ലാ അംഗങ്ങളുടെയും അറിവിലേക്കായി.

പകർപ്പ് : എല്ലാ യൂണിറ്റ് മേധാവിമർക്കും അറിവിലേക്കും വേണ്ടത്ര പ്രചാരണം നൽകുന്നതിനുമായി അയക്കുന്നു/ പാലക്കാട് ജില്ലാ പബ്ലിക് ഇൻഫർമേഷൻ ഓഫീസർ പ്രചാരണം നൽകുന്നതിനായി അയക്കുന്നു/ പാലക്കാട് ഡി.പി.ഒ കാഷ്യറുടെ അറിവിലേക്കായി ലേലത്തുക കൈപ്പറ്റുന്നതിനും തുടർ ഉത്തരവ് വരെ സൂക്ഷിച്ചു വയ്ക്കുന്നതിനും .